പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *67

02.12.2015 -ലെ മറുപടിയ്ക്ക്

# തോട്ടം തൊഴിലാളി സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു<br>ശ്രീ. കെ.അജിത് | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം ഒത്തു തീർപ്പിലെത്തിച്ച വ്യവസ്ഥകൾ എന്തെല്ലാം; പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയിലത്തോട്ടങ്ങളിലെ 2014-15 വർഷത്തെ ബോണസ്സ് സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം ബഹു. മുഖ്യമന്ത്രി 13.09.2015 തീയതിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്.<br>1) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ് (കെ.ഡി.എച്ച്.പി) , മൂന്നാറിലെ തോട്ടങ്ങൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33% ബോണസും കൂടാതെ 11.67% തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക)<br>2) ടി തുക 21.09.2015 തീയതിയിലോ അതിന് മുമ്പോ വിതരണം നടത്തുന്നതാണ്.<br>3) തൊഴിലാളികൾ ഉന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.<br>4) 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തിരമായി പരിശോധന നടത്തി |

| | |
|---|---|
| | 2 ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പ്ലാന്റേഷൻ മേഖലയിലെ വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് വിവിധ തൊഴിലാളി യൂണിയനുകൾ നടത്തി വന്ന സമരം 14.10.2015-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.<br>1) തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയാക്കി വർദ്ധിപ്പിച്ചു.<br>2) കാപ്പിത്തോട്ടങ്ങളിൽ തേയിലത്തോട്ടങ്ങളിലെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.<br>3) ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു.<br>4) റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽ നിന്നും 381 രൂപയാക്കി വർദ്ധിപ്പിച്ചു.<br>ബാക്കിയുള്ള കാര്യങ്ങൾക്ക് ചർച്ചകൾ നടന്നുവരുന്നു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് മാനേജ്മെന്റുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. |
| (ബി) ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം എത്ര ശതമാനം ബോണസ്സാണ് നൽകാൻ തീരുമാനിച്ചത്; പ്രസ്തുത ബോണസ്സ് നൽകാനാവില്ലെന്ന് തോട്ടം ഉടമകൾ അറിയിച്ചിട്ടുണ്ടോ; | (ബി) M/s കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി) മൂന്നാറിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33% കൂടാതെ 11.67% തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക)<br>ടി തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ബോണസ് നൽകാനാവില്ലെന്ന് ഉടമകൾ അറിയിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്ത് എത്ര തോട്ടം തൊഴിലാളികളുണ്ട്; ഇവരിൽ ചെറുകിട തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നവർ എത്ര ; വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്ത് ആകെ 3 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ടെങ്കിലും പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം 64,391 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ